പതിനാലാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4429 — 25/06/2019 മറുപടിയ്ക്ക്

## സ്കൂൾ തലത്തിൽ പരിശീലനം നൽകുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡി. കെ. മുരളി | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സ് കൾക്കുള്ള പരീക്ഷയിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിൽ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദവിവരങ്ങൾ നൽകുമോ; | (എ) സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനിയറിംഗ് പ്രൊഫഷണൽ കോഴ്സ് കൾക്കുള്ള പ്രവേശന പരീക്ഷയിൽ വിദ്യാർത്ഥികളെ സജ്ജീകരിക്കുന്നതിനു ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ PEECS (Public Entrance Exam Coaching Scheme) എന്ന പദ്ധതി 2013-14 മുതൽ 2017-18 വർഷം വരെ നടപ്പിലാക്കിയിരുന്നു. എന്നാൽ 2017-18 വർഷം പദ്ധതി അവലോകനത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം കുറവായിരുന്നതിനാൽ PEECS പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്. മേൽ സാഹചര്യത്തിൽ 2019-20 വർഷം PEECS പദ്ധതിയ്ക്കായി തുക നീക്കിവെച്ചിട്ടില്ല. |
| (ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) പദ്ധതി പ്രകാരം സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലെ ഒരു നോഡൽ സെന്ററിൽ വിദ്യാർത്ഥികൾക്കായി പ്രവേശന പരീക്ഷയുടെ തത്സമയ പരിശീലന ക്ലാസുകൾ സൗജന്യമായി നൽകിയിരുന്നു. ക്ലാസുകൾ Online ആയിട്ടാണ് നൽകി വന്നിരുന്നത്. സംസ്ഥാനത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും, പ്രത്യേകമായി സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമായിരുന്നു. SC/ST വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി കൾക്ക് ഒരു പ്രത്യേക പരിശീലന കേന്ദ്രം പാലക്കാട് അട്ടപ്പാടിയിലും ക്രമീകരിച്ചിരുന്നു |

| | | |
|---|---|---|
| (സി) | ഏതെല്ലാം ഏജൻസികൾ വഴിയാണ് (സി) പരിശീലനം നൽകുന്നതെന്ന് വിശദമാക്കാമോ? | PEECS പദ്ധതി ഉന്നത വിദ്യാഭ്യാസ വകുപ്പും ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പും സംയുക്തമായിട്ടാണ് നടത്തിയിരുന്നത്. പിന്നീട് ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പും IT@School ഉം ചേർന്നാണ് പദ്ധതി നടത്തിയിരുന്നത്. |

സെക്ഷൻ ഓഫീസർ